**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1470** **03-02-2026 - ൽ മറുപടിയ്ക്ക്**

**താൽക്കാലിക ബാച്ചുകൾ സ്ഥിരപ്പെടുത്തി അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിന് സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ, എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിൽ അനുവദിച്ച താൽക്കാലിക ബാച്ചുകൾ സ്ഥിരപ്പെടുത്തി അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ; | (എ) | സർക്കാർ, എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിൽ അനുവദിച്ച താത്കാലിക ബാച്ചുകൾ സ്ഥിരപ്പെടുത്തി അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നത് നിലവിൽ പരിഗണനയിലില്ല. |
| (ബി) | സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകൾക്കിടയിൽ ഷിഫ്റ്റ് ചെയ്ത 38 സ്ഥിരം ബാച്ചുകളിൽ തൊട്ടടുത്ത 2 അധ്യയന വർഷത്തെ അഡ്മിഷൻ അടിസ്ഥാനപ്പെടുത്തി തസ്തികകൾ ഷിഫ്റ്റ് ചെയ്യണമെന്ന ഷിഫ്റ്റിംഗ് ഓർഡറിലെ വ്യവസ്ഥ നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ; | (ബി) | ഷിഫ്റ്റ് ചെയ്ത ബാച്ചുകളിൽ തസ്തിക സൃഷ്ടിക്കുന്നത് സർക്കാർ പരിശോധിച്ച് വരുന്നു. |
| (സി) | പിന്നാക്ക വിഭാഗം വിദ്യാർത്ഥികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പ് വരുത്തുന്നതിന് സംസ്ഥാനത്തെ എം. ആർ. എസ്. സ്കൂളുകളിലെ 14 ഹയർ സെക്കൻഡറി ബാച്ചുകളിൽ സ്ഥിരം അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ; | (സി) | വിവരം ശേഖരിച്ചുവരുന്നു. |
| (ഡി) | സർക്കാർ/എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിൽ 10 വർഷത്തിലേറെയായി നിലനിൽക്കുന്ന 22 സ്ഥിരം ബാച്ചുകളിൽ അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ സർക്കാരിന്റെ കാലത്ത് തന്നെ പരിഹാരം കാണാനാകുമോ; വിശദമാക്കാമോ? | (ഡി) | തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രപ്പോസലുകൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കുന്നത് വിവിധ ഫയലുകളിൽ പരിശോധിക്കുകയും സർക്കാർ നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കുന്ന പക്ഷം ധനകാര്യവകുപ്പിന്റെയും മന്ത്രിസഭയുടെയും അനുമതിയോടെ തസ്തിക സൃഷ്ടിക്കുകയുമാണ് ചെയ്യുന്നത്. 2024-25 വർഷത്തെ സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകളിലെ തസ്തികനിർണ്ണയം സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ